ഈ വർഷം പൂർത്തിയാകുന്ന വൻകിട ജലസേചന പദ്ധതികൾ

912. [1348] ശ്രീ. ഇ. ജെ. ലൂക്കോസ് :
" വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ പണിനടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചനപദ്ധതികളിൽ എത്രയെണ്ണത്തിന്റെ പണി ഈ വർഷം പൂർത്തിയാകും ?

ഉത്തരം

താഴെ പറയുന്ന മൂന്നു വൻകിട ജലസേചനപദ്ധതികളുടെ പണി 1986-87-ൽ പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1. പമ്പ (കവിയൂർ ബ്രാഞ്ച് കനാൽ ഒഴികെ).
2. ചിറ്റൂർപുഴ (മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ ഒഴികെ)
3. കുറ്റ്യാടി.

ചെറുകിട ജലസേചനപദ്ധതികൾ

913. [1349] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം തുടങ്ങുന്ന 1000 ചെറുകിട ജലസേചന പദ്ധതികൾക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയാണ് ;

(സി) ഇല്ലെങ്കിൽ ബഡ്ജറ്റിലെ ഏത് ഇനത്തിൽ നിന്ന് ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇക്കാര്യത്തിന് കേന്ദ്ര സഹായത്തിന് എഴുതിയോ ; ഇല്ലെങ്കിൽ സഹായമഭ്യർത്ഥിക്കുമോ ?

ഉത്തരം

(എ, ബി, സി) ഈ വർഷത്തെ ബഡ്ജറ്റിൽ ചെറുകിട ജലസേചനം (ഗ്രൗണ്ട്വാട്ടർ ഡിപ്പാർട്ടുമെന്റുൾപ്പെടെ) കമാൻറ് ഏരിയാ ഡവലപ്പ്മെൻറ് എന്നീ ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനങ്ങൾക്ക് മൊത്തത്തിൽ 18 കോടി യിലധികം തുക വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യ ജലസേചന പദ്ധതി പ്രകാരമുള്ള 1000 ചെറുകിട ജലസേചന പദ്ധതികൾക്ക് ഈ വർഷം ഉദ്ദേശം 8 കോടി രൂപ മാത്രമേ ആവശ്യമായി വരികയുള്ളു.

(ഡി) ഭൂഗർഭജലം ഉപയോഗിച്ചുള്ള ഇത്തരം പദ്ധതികൾക്ക് വിദേശ സഹായം ലഭ്യമാക്കാൻ കഴിയുമെന്നും അതിനുവേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉടൻതന്നെ കേന്ദ്ര ഗവൺമെൻറിന് അയച്ചുകൊടുക്കണമെന്നും 15-10-1986-ൽ കേന്ദ്ര ഗവൺമെൻറ് സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

കേന്ദ്ര വാട്ടർ കമ്മീഷന്റെ അംഗീകാരം ലഭിക്കാത്ത ജലസേചന പദ്ധതികൾ

914. [1350] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വാട്ടർ കമ്മീഷന്റെ അംഗീകാരം ലഭിക്കാത്ത എത്ര ജലസേചനപദ്ധതികൾ കേരളത്തിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly